DESABHMANI

6 March 2016

# മലബാർ സിമന്റ്സിലെ അഴിമതി അന്വേഷിക്കാൻ കോടതി ഉത്തരവ്

● വേണു കെ ആലത്തൂർ

**പാലക്കാട് >** മലബാർസിമന്റ്സിന് കോടികൾ നഷ്ടമാകാനിടയായ അഴിമതി സംബന്ധിച്ച് വിജിലൻസ് എറണാകുളം റേഞ്ച് എസ്പി അന്വേഷണം തുടങ്ങി. മാർച്ച് 15നകം റിപ്പോർട്ട് നൽകാനാണ് തൃശൂർ വിജിലൻസ് കോടതി ഉത്തരവ്. മലബാർ സിമന്റ്സിലെ അഴിമതി സംബന്ധിച്ച് കേസെടുത്ത് അന്വേഷിക്കണമെന്നു കാണിച്ച് സ്വകാര്യ വ്യക്തി തൃശൂർ വിജിലൻസ് സ്പെഷ്യൽ കോടതിക്ക് നൽകിയ പരാതിയിലാണ് ത്വരിതാന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ വിജിലൻസ് ജഡ്ജി എസ് എസ് വാസൻ ഫെബ്രുവരി അഞ്ചിന് ഉത്തരവിട്ടത്.

സിമന്റ്സിലെ അഴിമതി സംബന്ധിച്ച് നിരവധി പരാതികൾ ഉയരുന്നുണ്ടെങ്കിലും ഒന്നിലും അന്വേഷണം ഉണ്ടാകുന്നില്ലെന്നും ഹർജിയിൽ പറയുന്നു. 2011, '12, '13 വർഷങ്ങളിൽ കൽക്കരി ഇടപാടുവഴി മലബാർ സിമന്റ്സിന് രണ്ടുകോടി രൂപ നഷ്ടമുണ്ടായതായി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടുണ്ട്. തമിഴ്നാട്ടിലെ സ്വകാര്യ കമ്പനിയുടെ ചുണ്ണാമ്പുകല്ലിന്റെ പാട്ടക്കരാർ റദ്ദാക്കുകവഴി കമ്പനിക്ക് ഭീമമായ നഷ്ടമുണ്ടായി. തുടർന്ന് കൂടിയ വിലയ്ക്ക് രാജസ്ഥാനിൽനിന്നും ഇടനിലക്കാർ വഴി യുഎഇയിൽനിന്നും ചുണ്ണാമ്പുകല്ല് ഇറക്കുമതി ചെയ്യുകയും ചെയ്തു. മലബാർ സിമന്റ്സിന് കൽക്കരി നൽകിയതുമായി ബന്ധപ്പെട്ട അഴിമതിക്കേസിൽ ഉൾപ്പെട്ട സ്വകാര്യ കമ്പനിയുടെ സഹോദര സ്ഥാപനത്തിൽനിന്നാണ് ഇത്തരത്തിൽ ചുണ്ണാമ്പുകല്ല് ഇറക്കുമതി ചെയ്തത്.

ഫ്ളൈ ആഷ് നൽകാൻ ദീർഘകാല കരാറിലേർപ്പെട്ട സ്വകാര്യസ്ഥാപനം സ്വമേധയാ കരാറിൽനിന്ന് പിന്മാറിയതുവഴി കമ്പനിക്കുണ്ടായ നഷ്ടം 20 കോടി രൂപയാണ്. ഈ തുക സ്വകാര്യസ്ഥാപനത്തിൽനിന്ന് പിടിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തി. ഇക്കാര്യവും സിഎജി റിപ്പോർട്ടിലുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ ചരിത്രത്തിലില്ലാത്തവിധം ഇടനിലക്കാരെ കണ്ടെത്താൻ ദുബായ്, യുഎഇ എന്നിവിടങ്ങളിൽ യോഗം ചേരുകയും രഹസ്യമായ കരാറുകളിൽ ഏർപ്പെടാനും സാഹചര്യമൊരുക്കി. ഇടനിലക്കാർ വഴി ക്ലിങ്കർ ഇറക്കുമതി ചെയ്തതിലൂടെ ഒരുകോടിയിലധികം രൂപയുടെ കമീഷൻ ഇടപാട് നടന്നു. ഇടനിലക്കാരായി പ്രവർത്തിച്ചത് മന്ത്രിയുടെ അടുപ്പക്കാരനും കെഎസ്ഐഡിസി ഡയറക്ടറുമായയാൾ സിഎംഡി ആയ സ്ഥാപനമാണ്. ഈ സ്ഥാപനമാണ് മലബാർ സിമന്റ്സിന് ക്ലിങ്കർ നൽകിയതെന്നും ഹർജിയിൽ പറയുന്നു.

ഈ വിഷയങ്ങളിലെല്ലാം അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് പരാതിക്കാരന്റെ ആവശ്യം.